

പ്രവാചകന്റെ അനക്കത്തിലും അടക്കത്തിലും വാക്കിലും മൗനത്തിലും എല്ലാം കരുണയും ദയാവായ്പും നിറഞ്ഞുനിന്നിരുന്നു. സ്വന്തം ശിഷ്യന്മാരെയും കുടുംബത്തെയും സമുദായത്തെയും മാത്രമല്ല അദ്ദേഹം സ്നേഹിച്ചത്. മുഴുവൻ മനുഷ്യരെയും സ്നേഹിച്ചു. ശത്രുക്കളിലേക്ക് വരെ ആ സ്നേഹം നീണ്ടുചെന്നതിന്റെ എത്രയോ ഉദാഹരണങ്ങൾ ചരിത്രത്തിൽ കാണാം.

## ഖുർആൻ ബോധനം

▸ എ.വൈ.ആർ

### സൂറ - 21

# അൽഅമ്പിയാഅ്

وَمَآ أَرۡسَلۡنَٰكَ إِلَّا رَحۡمَةً لِّلۡعَٰلَمِينَ ﴿١٠٧﴾

107. നാം നിന്നെ നിയോഗിച്ചിട്ടുള്ളത് ലോകർക്കൊക്കെയും കാരുണ്യമായിട്ടു മാത്രമാകുന്നു.

**107**

وَمَآ أَرۡسَلۡنَٰكَ= നാം നിന്നെ അയച്ചിട്ടില്ല (അയച്ചിട്ടുള്ളത്)

إِلَّا رَحۡمَةً= (കാരുണ്യമായിട്ട് മാത്രമാകുന്നു) കാരുണ്യമായിട്ടൊഴിച്ച് لِّلۡعَٰلَمِينَ = (ഒക്കെയും) ലോകർക്ക്

**നാം** നിന്നെ നിയോഗിച്ചിട്ടുള്ളത് ലോകർക്കൊക്കെയും കാരുണ്യമായിട്ടു തന്നെയാണ് എന്നും ഈ സൂക്തം തർജമ ചെയ്യാം. രണ്ടിന്റെയും സാരം ഒന്നു തന്നെ. സൂറഃ *അൽഅമ്പിയാഅ്* സമാപനത്തിലേക്കു കടക്കുകയാണ്. ജനങ്ങളുടെ വിചാരണ സമയം അടുത്തുവരുന്നത് ഓർമിപ്പിച്ചുകൊണ്ടാണല്ലോ സൂറഃ ആരംഭിച്ചത്. അതിനെ വിജയകരമായി നേരിടുന്നതിന് ജനങ്ങളെ സജ്ജരാക്കാനാണ് അല്ലാഹു പ്രവാചകന്മാരെ അയച്ചത്. പക്ഷേ ജനം പ്രവാചകന്മാരെ തള്ളിപ്പറഞ്ഞു. അവർക്കെതിരെ പലതരം ആരോപണങ്ങളുന്നയിച്ചു ദ്രോഹിച്ചു. അതേപ്പറ്റിയായിരുന്നു ആദ്യത്തെ കുറെ സൂക്തങ്ങൾ. തുടർന്ന് പ്രമുഖരായ കുറെ പ്രവാചകവര്യന്മാരെ അനുസ്മരിച്ചു. ഭൗതിക ലോകത്ത് അവർ നേരിട്ട സൗഭാഗ്യങ്ങളും ദൗർഭാഗ്യങ്ങളും വർണിച്ചു. പിന്നെ വിചാരണ ദിവസം സത്യ-ധർമങ്ങൾ നിഷേധിച്ചു വാണവർ അനുഭവിക്കുന്ന ഭീകരതകളും വിഹ്വലതകളും വിവരിച്ചു; ഒപ്പം സത്യ-ധർമങ്ങളാചരിച്ചു വാണവരുടെ സൗഭാഗ്യങ്ങളും. ഒടുവിൽ, തുടക്കത്തിൽ പറഞ്ഞ വിഷയത്തിലേക്ക് തന്നെ മടങ്ങുകയാണ്. മനുഷ്യരോട് അല്ലാഹുവിനുള്ള കാരുണ്യത്തിന്റെ താൽപര്യമാണ്, അവരുടെ ജീവിതം വിജയകരമാവേണ്ടതെങ്ങനെയെന്നു പഠിപ്പിക്കുന്ന പ്രവാചകന്മാരുടെ നിയോഗം. പ്രവാചകന്മാരിൽ അന്തിമനാണ് മുഹമ്മദ് നബി. ഈ സൂക്തത്തിലെ സമാസ സൂചകമായ വാവ് (و) ബന്ധിപ്പിക്കുന്നത് നേരത്തെ പറഞ്ഞ പ്രവാചകന്മാരുടെ ജ്ഞാനത്തോടും വിവേകത്തോടും നിഷ്കളങ്കതയോടും ആദരണീയതയോടുമാണ്. ആ സദ്ഗുണങ്ങളെല്ലാം ഈ പ്രവാചകത്വം ഉൾക്കൊള്ളുന്നുണ്ട്. ഈ പ്രവാചകനിലൂടെ അവതരിച്ച ധർമസരണി-ശരീഅത്ത്-മുൻ ശരീഅത്തുകളിൽ നിന്നു വ്യത്യസ്തമായി മർത്യ ജീവിതത്തെ സമഗ്രമായി സ്പർശിക്കുന്നതും എന്നെന്നും നിലനിൽക്കുന്നതുമാണ്. അതിന്റെ അടിസ്ഥാന പ്രമാണമായ ഖുർആൻ മാറ്റത്തിനതീതമായി ലോകാവസാനം വരെ നിലനിൽക്കും. അന്ത്യപ്രവാചകനിലൂടെ ലോകത്തിന് അല്ലാഹു അരുളിയ കനിവിന്റെ മാഞ്ഞുപോകാത്ത അടയാളങ്ങളാണത്.

അനുഗ്രഹം, കാരുണ്യം, സ്നേഹം, ദയ, ദാക്ഷിണ്യം തുടങ്ങിയ തരളമായ മാനവിക ഗുണങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന പദമാണ് رحمة. ഈ ഗുണങ്ങളെല്ലാം ഇവിടെ ഉദ്ദേശ്യവുമാകുന്നു. ഇത് മനുഷ്യർക്ക് ലഭിച്ചത് അല്ലാഹുവിൽ നിന്നാണ്. رحمة അല്ലാഹുവിന്റെ സത്തയിൽ രേഖപ്പെട്ടതാണെന്ന് ഖുർആൻ ആവർത്തിച്ചുപറയുന്നുണ്ട്. സ്നേഹത്തിന്റെ ആത്യന്തികവും മൂർത്തവും സമ്പൂർണവുമായ അവസ്ഥയാണ് അല്ലാഹുവിലുള്ളത്. അവൻ തന്റെ സ്നേഹത്തിന്റെ നൂറിലൊന്നു മാത്രമാണ് സൃഷ്ടികൾക്കു നൽകിയിട്ടുള്ളതെന്ന് നബി(സ) പറയുന്നു. ആ നൂറിലൊന്ന് സ്നേഹമാണ് ഈ ലോകത്തുള്ള

# ഖുർആൻ ബോധനം

സകല മനുഷ്യരിലും ഇതര ജീവികളിലുമെല്ലാം വീതിക്കപ്പെട്ടിരിക്കുന്നത്. കിളി തന്റെ പറക്കമുറ്റാത്ത കുഞ്ഞുങ്ങൾക്ക് തീറ്റ കൊടുക്കുന്നതും പശുക്കിടാവിന് മുലകൊടുക്കുന്നതും ആ സ്നേഹത്തിന്റെ ഭാഗമാണ്.

ഈ സൂക്തം സംക്ഷിപ്തമായ ഏതാനും പദങ്ങളിൽ മുഹമ്മദീയ ദൗത്യം മുഴുലോകത്തോടും അല്ലാഹുവിനുള്ള കാരുണ്യത്തിന്റെ പ്രകടനമാണെന്ന് പ്രസ്താവിച്ചതിലൂടെ പ്രവാചകനെയും അദ്ദേഹത്തിന്റെ ദൗത്യത്തെയും അദ്ദേഹത്തെ നിയോഗിച്ച അല്ലാഹുവിനെയും മഹത്വപ്പെടുത്തിയിരിക്കുന്നു. കേവലം 25 അക്ഷരങ്ങളാണീ സൂക്തത്തിലുള്ളത്. ദൂതനെയും അദ്ദേഹത്തെ അയച്ചവനെയും ആരിലേക്കാണോ അയച്ചത് അവരെയും അദ്ദേഹത്തിന്റെ ദൗത്യത്തെയും അവ പരാമർശിച്ചിരിക്കുന്നു. അന്ത്യപ്രവാചകൻ അറബികൾക്ക് അല്ലെങ്കിൽ മനുഷ്യർക്ക് കാരുണ്യമാകുന്നു എന്നല്ല, عالمون ന്ന് കാരുണ്യമാകുന്ന എന്നാണ് പറഞ്ഞിരിക്കുന്നത്. عالم (ലോകം)ന്റെ ബഹുവചനമാണ് عالمون. അറിയപ്പെട്ട ഭൗതിക ലോകത്തെയും അതുൾക്കൊള്ളുന്ന സൃഷ്ടികളെയും ഉദ്ദേശിച്ചാണ് عالمون എന്ന ബഹുവചനം ഉപയോഗിക്കുക. മുഴുലോകത്തിനും അതിലെ മനുഷ്യർക്കും തിര്യക്കുകൾക്കും, അചേതനവും അചരവുമായ മറ്റു വസ്തുക്കൾക്കുമെല്ലാം കാരുണ്യമാണ് പ്രവാചക ദൗത്യം.

ഈ കാരുണ്യത്തിനു രണ്ട് തലങ്ങളുണ്ട്. ഒന്ന്, പ്രവാചക വ്യക്തിത്വത്തിന്റെ കാരുണ്യം. അദ്ദേഹത്തിന്റെ സ്വഭാവ പ്രകൃതിയിൽ ഊട്ടപ്പെട്ട ഗുണമാണത്. പ്രവാചകന്റെ അനക്കത്തിലും അടക്കത്തിലും വാക്കിലും മൗനത്തിലും എല്ലാം കരുണയും ദയാവായ്പും നിറഞ്ഞുനിന്നിരുന്നു. സ്വന്തം ശിഷ്യന്മാരെയും കുടുംബത്തെയും സമുദായത്തെയും മാത്രമല്ല അദ്ദേഹം സ്നേഹിച്ചത്. മുഴുവൻ മനുഷ്യരെയും സ്നേഹിച്ചു. ശത്രുക്കളിലേക്ക് വരെ ആ സ്നേഹം നീണ്ടുചെന്നതിന്റെ എത്രയോ ഉദാഹരണങ്ങൾ ചരിത്രത്തിൽ കാണാം. അവശരുടെയും അഗതികളുടെയും ക്ഷേമത്തിനു വേണ്ടി പ്രവർത്തിച്ചു. പക്ഷിമൃഗാദികൾ വരെ ആ ദയാദാക്ഷിണ്യമനുഭവിച്ച ഉദാഹരണങ്ങളുണ്ട്. പ്രവാചകനെ ഈവിധം കാരുണ്യത്തിന്റെ അക്ഷയഭാജനമാക്കിയത് അല്ലാഹുവാണ്. فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ-നീ അവർക്ക് സൗമ്യനായത് അല്ലാഹുവിന്റെ സവിശേഷ അനുഗ്രഹത്താലാകുന്നു (3:159).

لَقَدْ جَآءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم

بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ

(തീർച്ചയായും നിങ്ങളിലേക്ക് വന്നിട്ടുള്ളത് നിങ്ങളിൽ നിന്നു തന്നെയുള്ള ദൈവദൂതനാകുന്നു. നിങ്ങൾ ക്ലേശിക്കുന്നത് അദ്ദേഹത്തിനസഹ്യമാണ്. നിങ്ങളുടെ നന്മയിൽ അതീവ തൽപരൻ. സത്യവിശ്വാസികളോട് അപാരമായ അലിവും കാരുണ്യവുമുള്ളവനാണദ്ദേഹം-9:128). ഉഹ്ദ് യുദ്ധത്തിൽ തിരുമുഖത്ത് ഗുരുതരമായ പരിക്കേറ്റത് ശിഷ്യന്മാരെ വല്ലാതെ വേദനിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്തു. അവർ തിരുമേനിയോടഭ്യർഥിച്ചു. "അങ്ങ് ഈ ശത്രുക്കൾക്കെതിരെ ഒന്നു പ്രാർഥിച്ചെങ്കിൽ!" അതിനു പ്രവാചകന്റെ മറുപടി ഇപ്രകാരമായിരുന്നു انّي لم ابعث لعّانا انما بعثت رحمة-ഞാൻ ശപിക്കുന്നവനായിട്ടല്ല നിയോഗിക്കപ്പെട്ടിരിക്കുന്നത്. ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് കാരുണ്യമായിട്ടു മാത്രമാകുന്നു." ഒരിക്കൽ തിരുമേനി പറഞ്ഞു: "സൃഷ്ടിജാലങ്ങളഖിലം സമ്മാനിക്കപ്പെട്ട കാരുണ്യം മാത്രമാകുന്നു ഞാൻ."

പ്രവാചക ദൗത്യമാകുന്ന കാരുണ്യത്തിന്റെ രണ്ടാമത്തെ തലം സ്നേഹകാരുണ്യങ്ങളനുശാസിക്കുന്ന ശരീഅത്തും അതിന്റെ അടിസ്ഥാന പ്രമാണമായ വിശുദ്ധ ഖുർആനുമാകുന്നു. *അൽഅഅ്റാഫ്* 203-ാം സൂക്തം ഖുർആനിനെ പരിചയപ്പെടുത്തുന്നു. هَـٰذَا بَصَآئِرُ مِن رَّبِّكُمْ وَهُدًى وَرَحْمَةٌ لِّقَوْمٍ يُؤْمِنُونَ "ഇത്(ഖുർആൻ) നിങ്ങളുടെ വിധാതാവിങ്കൽനിന്നുള്ള ജ്ഞാനപ്രകാശമാകുന്നു. സത്യം അംഗീകരിക്കുന്ന ജനത്തിന് മാർഗദർശനവും കാരുണ്യവുമായിട്ടുള്ളത്." അതേ സൂറഃയുടെ 52-ാം സൂക്തം പറയുന്നു:

وَلَقَدْ جِئْنَـٰهُم بِكِتَـٰبٍ فَصَّلْنَـٰهُ عَلَىٰ عِلْمٍ هُدًى وَرَحْمَةً

لِّقَوْمٍ يُؤْمِنُونَ

(സത്യവിശ്വാസം കൈക്കൊള്ളാൻ സന്നദ്ധരാകുന്ന ജനങ്ങൾക്ക് സന്മാർഗദർശനവും കാരുണ്യവുമായി തികഞ്ഞ ജ്ഞാനത്തോടെ വിസ്തരിച്ച ഒരു വേദം നാം അവർക്ക് അയച്ചുകൊടുത്തിരിക്കുന്നു). ഇതുപോലെ ഖുർആനിനെ കാരുണ്യമെന്ന് വിശേഷിപ്പിച്ച 12 സൂക്തങ്ങൾ വേറെയുമുണ്ട്. ഖുർആന്റെ ഓരോ സൂറഃയുടെയും പാരായണം തുടങ്ങേണ്ടത് بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ എന്ന വചനത്തോടെയാണ്. റഹ്മാനും റഹീമുമായ അല്ലാഹുവിന്റെ നാമത്തിൽ എന്നാണതിന്റെ അർഥം. പരമകാരുണികനാണ് റഹ്മാൻ. അതായത് തന്നെ വണങ്ങുന്നവരിലും ധിക്കരിക്കുന്നവരിലും ഒരുപോലെ കരുണ ചൊരിയുന്നവൻ. റഹീം കരുണാനിധിയാണ്. അതിന്റെ ദൈവശാസ്ത്രപരമായ താൽപര്യം, തന്നെ വണങ്ങുന്നവർക്ക് മറുലോകത്ത് 'സവിശേഷം കരുണ ചൊരിയുന്നവൻ' എന്നാകുന്നു. പ്രവാചകന്റെ ആഗമന കാലത്ത് അറേബ്യൻ വിഗ്രഹാരാധകരിൽ 'പരമകാരുണികൻ' എന്നൊരു ദൈവസങ്കൽപമേ ഉണ്ടായിരുന്നില്ല. വീരവും ശൂരവും രൗദ്രവുമായിരുന്നു അവരുടെ സങ്കൽപത്തിലെ ദൈവഭാവം. അതുകൊണ്ട് പ്രവാചകൻ, 'റഹ്മാന് സുജൂദ് ചെയ്യുവീൻ' എന്നുപദേശിച്ചപ്പോൾ പുഛത്തോടെ അവർ പ്രതികരിച്ചു; "എന്താണീ റഹ്മാൻ? നീ പറയുന്നവർക്കൊക്കെ ഞങ്ങൾ സുജൂദ് ചെയ്യുകയോ?!" (25:60).

ഖുർആനും ശരീഅത്തും മർത്യലോകത്തിന് കാരുണ്യമാകുന്നത് പരസ്പര സ്നേഹവും കാരുണ്യവും ഉപദേശിക്കുകയും അതു വളർത്താനാവശ്യമായ നടപടികൾ കൽപ്പിക്കുകയും സ്നേഹകാരുണ്യങ്ങൾ ഹനിക്കുന്ന ചെയ്തികൾ വിലക്കുകയും ചെയ്യുന്നതിലൂടെയാണ്. എല്ലാവരും ഒരേ ദൈവത്തിന്റെ സൃഷ്ടികളും അവനിലേക്ക് തന്നെ മടങ്ങിച്ചെല്ലേണ്ടവരും ഒരേ മാതാപിതാക്കളുടെ മക്കളും സഹോദരന്മാരുമാണ് എന്നുണർത്തിക്കൊണ്ട്, സ്വന്തം ആവശ്യം അവഗണിച്ചും സഹോദരന്റെ ആവശ്യങ്ങൾ നിവർത്തിക്കുന്നതു മുതൽ കണ്ടുമുട്ടുമ്പോഴുള്ള സ്നേഹാഭിവാദ്യം വരെ അതു കൽപ്പിക്കുന്നു. കൊലപാതകം മുതൽ പരിഹാസവും പരദൂഷണവും വരെ വിലക്കുന്നു. ഭൂമിക്കു നാശകരമാകുന്ന നടപടികളും ധൂർത്തും

ദുർവ്യയവും നിരോധിക്കുകയും ഭൂമിയിൽ സംസ്കരണവും ഉപഭോഗത്തിൽ മിതത്വവും സന്തുലിതത്വവും, കൽപ്പിക്കുകയും ചെയ്യുന്നതിലൂടെ ശരീഅത്തിന്റെ പ്രകൃതി സ്നേഹവും പ്രകാശിതമാകുന്നു. ചില ഹിംസകൾ ശരീഅത്ത് അനുവദിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ അത് സമൂഹത്തിന്റെയും പ്രകൃതിയുടെയും നിലനിൽപ്പിനും സുരക്ഷിതത്വത്തിനും വേണ്ടിയാണെന്നു കാണാം. ഒരാൾ അന്യായമായി മറ്റുള്ളവരെ കൊല്ലുന്നുവെങ്കിൽ അയാളെ വധിച്ചുകൊണ്ട് മറ്റുള്ളവരുടെ ജീവൻ രക്ഷിക്കണം. അന്യായമായി ദ്രോഹിക്കപ്പെടുന്നവർക്ക് അവരെ ദ്രോഹിച്ചവരിൽനിന്ന് നഷ്ടപരിഹാരം ലഭിക്കാൻ അവകാശമുണ്ട്. നഷ്ടപരിഹാരം ചെയ്യുന്നില്ലെങ്കിൽ അക്രമി അതേ നഷ്ടം കൊണ്ട് ശിക്ഷിക്കപ്പെടണം. ഇതെക്കുറിച്ച് ഖുർആൻ പറഞ്ഞത് وَلَكُمْ فِى ٱلْقِصَاصِ حَيَوٰةٌ يَٰٓأُو۟لِى ٱلْأَلْبَٰبِ- സദ്ബുദ്ധിയുള്ളവരേ, പ്രതിക്രിയാ നിയമത്തിൽ നിങ്ങൾക്ക് ജീവിതമാണുള്ളത്-എന്നാണ്. മറ്റു ശിക്ഷാവിധികളുടെയും യാഥാർഥ്യം സൃഷ്ടികൾക്കിടയിൽ നിന്ന് അക്രമവും അനീതിയും നിർമാർജനം ചെയ്ത് സ്നേഹോഷ്മളവും സഹകരണാത്മകവുമായ ബന്ധം നിലനിർത്തുക എന്നതുതന്നെയാണ്. ഒരിക്കൽ നബി(സ) പറഞ്ഞു: “الدّين النّصيحة-ദീൻ ഗുണകാംക്ഷയാകുന്നു.” സൃഷ്ടികളോടും സ്രഷ്ടാവിനോടുമുള്ള ഗുണകാംക്ഷ.

അവതരണ പശ്ചാത്തലം പരിഗണിക്കുമ്പോൾ അക്കാലത്ത് പ്രവാചകന്നെതിരെ പ്രചരിപ്പിക്കപ്പെട്ടിരുന്ന ആക്ഷേപങ്ങൾക്കുള്ള മറുപടി കൂടിയാണിത്. ഇയാൾ ഖുറൈശി സമൂഹത്തെ ഭിന്നിപ്പിച്ചു. അവർ പിന്തുടർന്നുവരുന്ന ‘മഹിതമായ’ വിശ്വാസ ആചാര പൈതൃകങ്ങളെ തള്ളിക്കളയുന്നു. ഖുറൈശികളിലെ ഭിന്നത മറ്റു ഗോത്രങ്ങൾക്ക് മക്കയെ ആക്രമിക്കാൻ ധൈര്യമേകും. പൈതൃകമായ വിശ്വാസങ്ങളും ആചാരങ്ങളും തള്ളിക്കളഞ്ഞതു മൂലം നമ്മൾ ആരാധിക്കുന്ന ദൈവങ്ങളൊക്കെ നമ്മോട് കോപിക്കും. ഇങ്ങനെ മുഹമ്മദ് മൂലം നാടിനും നാട്ടാർക്കും മഹാവിപത്ത് വരാൻപോകുന്നു. ഇതായിരുന്നു ഖുറൈശികളുടെ പ്രചാരണം. പ്രവാചക സന്ദേശത്തോട് മാനസികമായ അനുഭാവം തോന്നിയ ചിലരെപ്പോലും ഈ പ്രചാരണം അദ്ദേഹത്തിൽ നിന്നു പിന്തിരിപ്പിച്ചു. ഇയാൾ പറയുന്നതൊക്കെ സത്യമാണെങ്കിലും തങ്ങൾ ഇപ്പോൾ അത് അംഗീകരിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും ഖുറൈശി സമൂഹത്തിന് വലിയ ദോഷം ചെയ്യുമെന്നായിരുന്നു അവരുടെ ചിന്ത. അത്തരം പ്രചാരണങ്ങൾക്ക് മറുപടിയായി പ്രവാചകനെ ഉൽബോധിപ്പിക്കുകയാണ്: ഇക്കൂട്ടർ പ്രചരിപ്പിക്കുന്നതല്ല കാര്യം. ഖുറൈശികൾക്ക് മാത്രമല്ല ലോകത്തിനാകെത്തന്നെ അല്ലാഹുവിന്റെ കാരുണ്യാതിരേകമായിട്ടാണ് അന്ത്യപ്രവാചകൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. ■

---

**108.** പ്രവാചകൻ ജനങ്ങളോടു പറയുക: നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു എന്നുതന്നെയാണ് എനിക്ക് ദിവ്യബോധനം ലഭിച്ചിട്ടുള്ളത്. നിങ്ങൾ ആ ഏകദൈവത്തിനു സമർപ്പിതരാവാൻ സന്നദ്ധരാണോ?

قُلْ إِنَّمَا يُوحَىٰٓ إِلَىَّ أَنَّمَآ إِلَٰهُكُمْ إِلَٰهٌ وَٰحِدٌ ۖ فَهَلْ أَنتُم مُّسْلِمُونَ ﴿١٠٨﴾

**108**

എനിക്ക് ദിവ്യബോധനം ലഭിച്ചിട്ടുള്ളത് =إِنَّمَا يُوحَىٰٓ إِلَىَّ നീ (പ്രവാചകൻ ജനങ്ങളോടു) പറയുക =قُلْ

ഏകദൈവം മാത്രമാകുന്നു (എന്നു തന്നെയാണ്) = إِلَٰهٌ وَٰحِدٌ തീർച്ചയായും നിങ്ങളുടെ ദൈവം =أَنَّمَآ إِلَٰهُكُمْ

അപ്പോൾ നിങ്ങൾ അനുസരിക്കുന്നവരാണോ = فَهَلْ أَنتُم مُّسْلِمُونَ

(ആ ഏകദൈവത്തിന് സമർപ്പിതരാവാൻ സന്നദ്ധരാണോ?)

**അ**നുഗൃഹീതമായ ദൈവിക സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയാണ് പ്രവാചകന്റെ ചുമതല. അതിനാൽ നീ അവരെ ഉണർത്തുക: നിങ്ങളുടെ ദൈവം ഏകനാണ് അവന് പങ്കാളികളോ സഹകാരികളോ ഇല്ല. അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കേണ്ടതും അനുസരിക്കേണ്ടതും. അവനിലാണ് നിങ്ങൾ സ്വയം സമർപ്പിക്കേണ്ടത്. അതിനിശിതമായ ചോദ്യമാണ് فَهَلْ أَنتُم مُّسْلِمُونَ എന്ന വാക്യം. അനുസരിക്കുന്നവർ, സമർപ്പിക്കുന്നവർ, സമാധാനം കൊള്ളുന്നവർ, രക്ഷ നേടുന്നവർ എന്നീ അർഥങ്ങളെല്ലാം വഹിക്കുന്ന വാക്കാണ് مسلمون. ജീവിതം അല്ലാഹുവിൽ സമർപ്പിച്ച്, അവന്റെ വിധിവിലക്കുകളനുസരിച്ച് അതുവഴി സമാധാനവും സുരക്ഷയും തേടുന്നവരാണ് മുസ്‌ലിംകൾ. എന്റെ സത്യസന്ദേശം അംഗീകരിച്ച്, സർവശക്തനും അഖിലാണ്ഡ പരിപാലകനുമായ ആ ഏകദൈവത്തിന് സമർപ്പിതരാവാൻ-മുസ്‌ലിംകളാവാൻ നിങ്ങൾ സന്നദ്ധരാണോ? ഞാനിതാ എന്റെ ദൗത്യം നിർവഹിച്ചിരിക്കുന്നു. ഇനി നിങ്ങളാണ് തീരുമാനിക്കേണ്ടത്. കൃത്രിമ ദൈവങ്ങളിലും ശിപാർശകരിലും വിശ്വാസമർപ്പിച്ച് എന്റെ സന്ദേശത്തെ ആക്ഷേപിച്ചും പരിഹസിച്ചും തള്ളിക്കളയുകയാണെങ്കിൽ അതുമൂലം നേരിടേണ്ടിവരുന്ന പരിണതിക്കുത്തരവാദി ഞാനല്ല; നിങ്ങൾ മാത്രമായിരിക്കും. ■